പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2252 **27-10-2026-ൽ മറുപടിയ്ക്ക്**

മേയർ കെയർ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ മേയർ കെയർ പദ്ധതിക്കെതിരെ അഴിമതി ആരോപണം ഉന്നയിച്ചുകൊണ്ട് വിജിലൻസിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൻമേൽ വിജിലൻസ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

മറുപടി: വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ഇത് സംബന്ധിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിലെ ആരോപണങ്ങൾ പരിശോധിച്ചു വരികയാണ്

(ബി) സർക്കാർ അനുമതിയില്ലാതെ ഫണ്ട് സമാഹരിക്കുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടോ; മേയർ കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് മേയറുടെ നടപടിയിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: 22.08.2026 തിയ്യതിയിൽ തിരുവനന്തപുരം സെന്റ് ജോസഫ്സ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'മേയർ കെയർ' പരിപാടിയുമായും 21.08.2026-ന് സംഘടിപ്പിച്ച ഓണം ഫെസ്റ്റുമായും ബന്ധപ്പെട്ട്, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങളിൽനിന്ന് കോർപ്പറേഷൻ മേയറും സെക്രട്ടറിയും സമ്മാനങ്ങൾ, സ്പോൺസർഷിപ്പുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നിയമവിരുദ്ധമായി കൈപ്പറ്റിയെന്ന ആരോപണത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പേട്ട വാർഡ് കൗൺസിലർ അഡ്വ. ദീപക് എസ്.പി. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം തദ്ദേശ സ്വയംഭരണ വകുപ്പ് പരിശോധിച്ചു വരുന്നു. ഇതു സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ച പരാതിയിലും പരിശോധന നടന്നു വരുന്നു.

(സി) നഗരസഭാ ഭരണസമിതിക്ക് നേതൃത്വം നൽകുന്ന കക്ഷിക്കെതിരെ അനധികൃത ഫണ്ട് സമാഹരണം, പദവി ദുരുപയോഗം എന്നിവയുമായി ബന്ധപ്പെട്ട് ആരോപണങ്ങൾ ഉയർന്നിട്ടുണ്ടോ; എങ്കിൽ അത് വിജിലൻസ് അന്വേഷണത്തിന് വിധേയമാക്കുമോ; വ്യക്തമാക്കാമോ?

മറുപടി: 22.08.2026 തിയ്യതിയിൽ തിരുവനന്തപുരം സെന്റ് ജോസഫ്സ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'മേയർ കെയർ' പരിപാടിയുമായും 21.08.2026-ന് സംഘടിപ്പിച്ച ഓണം ഫെസ്റ്റുമായും ബന്ധപ്പെട്ട്, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ

അധികാരപരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങളിൽനിന്ന് കോർപ്പറേഷൻ മേയറും സെക്രട്ടറിയും സമ്മാനങ്ങൾ, സ്പോൺസർഷിപ്പുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നിയമവിരുദ്ധമായി കൈപ്പറ്റിയെന്ന ആരോപണത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പേട്ട വാർഡ് കൗൺസിലർ അഡ്വ. ദീപക് എസ്.പി. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം തദ്ദേശ സ്വയംഭരണ വകുപ്പ് പരിശോധിച്ചു വരുന്നു. ഇതു സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ച പരാതിയിലും പരിശോധന നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ